19

# ആശിർവാദം: സമാധാനത്തിന്റേയും ആശ്വാസത്തിന്റേയും അനുഗ്രഹം

## (6:21- 24)

പൗലൊസ് എഫെസ്യർക്ക് ലേഖനം എഴുതി തുടങ്ങിയപ്പോൾ, അവൻ സഭയെ സംബന്ധിച്ച് പല സത്യങ്ങളും തുറന്നു കാണിച്ചു. ചരിത്രത്തിൽ ആളുകളെ എങ്ങനെ ക്രിസ്തുവിലേക്ക് ദൈവം കൊണ്ടുവന്നു എന്നും, അവിടെ സകല ആത്മികമായ അനുഗ്രഹങ്ങളും വെച്ചിരിക്കുന്നതായും അവൻ പറഞ്ഞിരിക്കുന്നു. വിശ്വാസികൾ സഭയുടെ ഭാഗമാകുമ്പോൾ, അവർക്ക് ദൈവത്തോടും, ക്രിസ്തുവിനോടും, പരിശുദ്ധാത്മാവിനോടും ബന്ധമുണ്ടാകുകയും ചെയ്യുന്നു (1:1–23). മനുഷ്യനും സ്വയമായി രക്ഷിക്കപ്പെടുവാൻ കഴിയാതെ നിസഹായാവസ്ഥയിൽ പ്രത്യാശയില്ലാതിരുന്നപ്പോൾ, ദൈവം തന്റെ കരുണയാലും, സ്നേഹത്താലും, കൃപയാലും, തന്റെ പുത്രനെ ക്രൂശിൽ മരിപ്പാൻ അനുവദിച്ച് മനുഷ്യരെ അവൻ തന്നോട് നിരപ്പിച്ചു. അവൻ സൗജന്യമായ രക്ഷ സ്വീകരിക്കുന്നവർക്ക് അവന്റെ ആത്മിയ ഭവനമായ രാജ്യത്തിൽ പ്രവേശിക്കാം (2:1–22); അവർ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ അവയവങ്ങളാകുകയും ചെയ്യുന്നു. അവയെല്ലാം സാധ്യമാകുന്നത് “ക്രിസ്തുവിൽ” ആണ്. എങ്ങനെ ഒരാൾക്ക് ക്രിസ്തുവിൽ ആകുവാൻ കഴിയുമെന്ന് പൗലൊസ്, ഗലാത്യർ 3:26, 27 ലും റോമർ 6:3, 4 ലും പറയുന്നു.

അനേക വർഷങ്ങളായി മനുഷ്യർക്ക് മറഞ്ഞു കിടന്ന “മർമ്മം” ദൈവം വെളിപ്പെടുത്തി. ദൈവത്തിന്റെ വലിയ ഉദ്ദേശം ആളുകളിൽ എത്തിക്കുക എന്നതായിരുന്നു പൗലൊസിന്റേയും സഭയുടേയും വെല്ലുവിളി. യെഹൂദന്മാർക്കും ജാതികൾക്കും ഒരുപോലെ സഭയുടെ ഭാഗമാകുവാൻ കഴിയും എന്നതായിരുന്നു സന്ദേശത്തിലെ മുഖ്യമായ വസ്തുത. സഭ മുഖാന്തരം മർമ്മം മനസിലാക്കുവാനും ആ പ്രവൃത്തി നിർവ്വഹിക്കപ്പെടുവാനും പൗലൊസ് പ്രാർത്ഥിച്ചിരുന്നു (3:1–21).

ലേഖനത്തിന്റെ ആദ്യ പകുതിയിൽ അവൻ ആ വലിയ സത്യം എഫെസ്യരോട് പറഞ്ഞ ശേഷം, അവരുടെ ജീവിതത്തിൽ ആ സത്യം പ്രായോഗികമാക്കുന്നതിനെ കുറിച്ചാണ് രണ്ടാം പകുതിയിൽ വിവരിക്കുന്നത്. (1) പുതിയ മനുഷ്യനെ ധരിച്ച് അവർ തങ്ങളോടും, ദൈവത്തോടും, മറ്റുള്ളവരോടും നല്ല മനോഭാവത്തിൽ [അവരെ] “വിളിച്ച വിളിക്കു യോഗ്യമായി നടക്കുവാൻ” അവൻ അവരെ ഉത്തേജിപ്പിച്ചു. യോഗ്യമായ നടപ്പാണ് അവരെ ക്രിസ്തുവിൽ ഒന്നാക്കി തീർത്തത് (4:1–32). (2) അവൻ അവരോട് “സ്നേഹത്തിൽ നടപ്പിൻ” എന്നു പറഞ്ഞു; അവർ ദൈവത്തെയും ക്രിസ്തുവിനെയും അനുകരിക്ക

ണമായിരുന്നു. (3) അവർ ഇരുളിന്റെ പ്രവൃത്തികളെ ഉപേക്ഷിച്ച് "വെളിച്ചത്തിന്റെ മക്കളായി" നടക്കുവാൻ പൗലൊസ് അവരെ പ്രബോധിപ്പിച്ചു (5:1-14). (4) ശ്രദ്ധയോടെ ജ്ഞാനത്തിൽ നടക്കുവാനും, എല്ലാ ബന്ധങ്ങളിലും പരസ്പരം ബഹുമാനിച്ച്, ദുഷ്ടാത്മ ശക്തികളോട് എതിർക്കുവാൻ ദൈവത്തിന്റെ സർവ്വായുധവർഗം ധരിച്ച് എപ്പോഴും പ്രാർത്ഥനയിൽ ഉറ്റിരുപ്പാനും പറഞ്ഞു. ദൈവം എഫെസ്യരെ രക്ഷിക്കുക മാത്രമല്ല, ദുഷ്ടാത്മശക്തികളോട് പോരാടി ജയിക്കുവാനുള്ള എല്ലാ വിഭവങ്ങളും ദൈവം അവർക്ക് നൽകുമെന്ന് അവൻ ഉറപ്പ് നൽകി. (5:15-6:20).

പൗലൊസ് തന്റെ ലേഖനം അവസാനിപ്പിച്ചപ്പോൾ, തന്റെ പ്രത്യേക വന്ദനം അവൻ അറിയിക്കയുണ്ടായി. അവരുടെ മനസ് ചഞ്ചലിച്ചുപോകാതിരിക്കുവാൻ അവൻ തന്റെ സാഹചര്യവും സഹോദരങ്ങൾക്ക് വ്യക്തമാക്കി കൊടുത്തു.

## പൗലൊസിന്റെ പരിതസ്ഥിതി വാർത്തകൾ (6:21, 22)

**21ഞാൻ എങ്ങനെയിരിക്കുന്നു എന്ന് എന്റെ അവസ്ഥ നിങ്ങളും അറിയേണ്ടതിന്നു പ്രിയ സഹോദരനും കർത്താവിൽ വിശ്വസ്ത ശുശ്രൂഷകനുമായ തിഹിക്കൊസ് നിങ്ങളോട് സകലവും അറിയിക്കും. 22നിങ്ങൾ ഞങ്ങളുടെ വസ്തുത അറിവാനും അവൻ നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിപ്പാനുമായി ഞാൻ അവനെ നിങ്ങളുടെ അടുക്കലേക്ക് അയച്ചിരിക്കുന്നു.**

**വാക്യങ്ങൾ 21, 22.** റോമിൽ തടവിലായ തന്റെ അവസ്ഥ അറിയിക്കാതെ പൗലൊസ് ലേഖനം അവസാനിപ്പിക്കുന്നില്ല. തന്റെ അവസ്ഥ എങ്ങനെയിരിക്കുന്നു എന്ന് എഫെസ്യരെ അറിയിക്കുവാനുള്ള അപ്പൊസ്തലന്റെ ആഗ്രഹവും അവർക്ക് പൗലൊസിനെ കുറിച്ച് അറിയുവാനുള്ള ആഗ്രഹവും അവർക്ക് പരസ്പരം ഉണ്ടായിരുന്ന സ്നേഹബന്ധത്തെയാണ് കാണിക്കുന്നത്.

പൗലൊസ് റോമിൽ ആദ്യം തടവിലായിരുന്നപ്പോൾ എഴുതിയതായിരുന്നു, എഫെസ്യ, ഫിലിപ്പിയ, കൊലൊസ്യ, ഫിലെമോൻ എന്നീ ലേഖനങ്ങൾ. അവൻ തടവിലായിരുന്നപ്പോൾ, ഒരു സമയത്ത് അല്ലെങ്കിൽ മറ്റൊരു സമയത്ത് അവന്റെ ധാരാളം സ്നേഹിതന്മാർ അവനോടൊപ്പം ഉണ്ടായിരുന്നു. ഫിലിപ്പിയ ലേഖനത്തിൽ, അവൻ തിമൊഥെയൊസിനെയും, എപ്പഫ്രോദിത്തൊസിനെയും, പേർ പറയാത്ത ചില "സഹോദരന്മാരെയും," "കൈസറിന്റെ ഭവനത്തിലെ ... വിശുദ്ധന്മാരെയും" കുറിച്ചു പറയുന്നുണ്ട് (1:1; 2:19-30; 4:18, 21-23). ഫിലെമോനുള്ള തന്റെ ലേഖനത്തിൽ, തിമൊഥെയൊസ്, ഒനേസിമോസ്, എപ്പഫ്രാസ്, മർക്കൊസ്, ദേമാസ്, ലൂക്കൊസ്, അരിസ്തർഹൊസ് എന്നിവരെ കുറിച്ച് പറയുന്നു (വാക്യങ്ങൾ. 1, 10, 23, 24). എഫെസ്യർക്കുള്ള ലേഖനത്തിൽ, **തിഹിക്കൊസിനെ** മാത്രമെ പറയുന്നുള്ളു. കൊലൊസ്യർക്ക് എഴുതിയപ്പോൾ, തിമൊഥെയൊസ്, തിഹിക്കൊസ്, ഒനേസിമൊസ്, അരിസ്തർഹൊസ്, മർക്കൊസ്, യുസ്തൊസ്, എപ്പഫ്രാസ്, ലൂക്കൊസ്, ദേമാസ് എന്നിവരെ കുറിച്ചു പറയുന്നു (1:1; 4:7, 9-12, 14). ലഭ്യമായ വിവരം അനുസരിച്ച് തിഹിക്കൊസും ഒനേസിമോസും ആണെന്ന് തോന്നുന്നു, എഫെസ്യ ലേഖനവും (6:21, 22), കൊലൊസ്യ ലേഖനവും (4:7-9), ഫിലെമോനുള്ള ലേഖനവും (വാക്യങ്ങൾ. 10-12) എത്തിച്ചു കൊടുത്തത്, ഫിലിപ്പിയ ലേഖനം എത്തിച്ചു കൊടുത്തത്

എപ്പഫ്രൊദിത്തൊസും ആയിരുന്നു (2:25–30).

അവർ സകലവും **അറിയേണ്ടതിന്നും ... ഞങ്ങളുടെ അവസ്ഥ അറിഞ്ഞിട്ട് അവരുടെ ഉള്ളിൽ ആശ്വാസം ഉണ്ടാകേണ്ടതിന്നും** പൗലൊസ് തിഹിക്കൊസിനെ എഫെസ്യയിലേക്ക് അയച്ചു. **പ്രിയ സഹോദരനും കർത്താവിൽ വിശ്വസ്ത ശുശ്രൂഷകനും** എന്നാണ് പൗലൊസ് തിഹിക്കൊസിനെ കുറിച്ച് പറഞ്ഞത്, അത് സൂചിപ്പിക്കുന്നത് അവൻ സത്യം പറയുകയും ലേഖനം അവനെ വിശ്വസിച്ച് കൊടുത്തയക്കാമന്നുമാണ്.

## കൃപയുടേയും സമാധാനത്തിന്റേയും വന്ദനം (6:23, 24)

**23 പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽനിന്നും സഹോദരന്മാർക്ക് സമാധാനവും വിശ്വാസത്തോടുകൂടിയ സ്നേഹവും ഉണ്ടാകട്ടെ. 24 നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ അക്ഷയമായി സ്നേഹിക്കുന്ന എല്ലാവരോടുംകൂടെ കൃപ ഇരിക്കുമാറാകട്ടെ.**

**വാക്യങ്ങൾ 23, 24**. ഈ ലേഖനം അവസാനിപ്പിക്കുന്നത് പൗലൊസ് മറ്റു ലേഖനങ്ങൾ അവസാനിപ്പിക്കുന്നതുപോലെ തന്നെയാണ്. "പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുവിൽനിന്നും ... കൃപയും സമാധാനവും ലഭിക്കുവാൻ" പ്രാർത്ഥിച്ചുകൊണ്ട് ആരംഭിച്ചതുപോലെ, **കൃപയും സമാധാനവും** എന്ന ചിന്തയോടുകൂടിയാണ് ലേഖനം അവസാനിപ്പിക്കുന്നത്. ദൈവത്തിന്റെ കൃപയാണ് ലോകത്തിലേക്ക് രക്ഷ കൊണ്ടുവന്നത് (2:8, 9), ദൈവത്തിന്റെ കൃപാദാനം സ്വീകരിക്കുമ്പോൾ വ്യക്തികളായ ക്രിസ്ത്യാനികൾക്ക് സമാധാനം ലഭിക്കും (2:13–22). ദൈവം പ്രദർശിപ്പിക്കുന്ന കൃപയോടും സമാധാനത്തോടുമുള്ള ശരിയായ പ്രതികരണം **വിശ്വാസത്തോടും സ്നേഹത്തോടും** കൂടെയായിരിക്കണം. ഈ വേദഭാഗം പറയുന്നത് സ്നേഹവും വിശ്വാസവും നൽകുന്നത് **ദൈവമാണ്** എന്നത്രെ. **ക്രിസ്തുവിനെ** സ്നേഹിക്കുന്നവരിലേക്ക് ദൈവത്തിന്റെ കൃപയും മറ്റു ആനുകൂല്യങ്ങളും എത്തിക്കുവാനായിട്ടായിരുന്നു പൗലൊസ് പ്രാർത്ഥിച്ചത്.

വിശ്വാസത്തിന്റെ പ്രതികരണത്തെ കുറിച്ച് ഈ ലേഖനത്തിൽ മറ്റു ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നത് (1:15; 2:8; 3:12, 17; 4:13; 6:16), എല്ലായ്പോഴും, തീർച്ചയുള്ളതും, ആശ്രയിക്കുന്നതും, അനുസരിക്കുന്നതുമായ പ്രതികരണമാണ്. അല്ലെങ്കിൽ അത് ചത്ത വിശ്വാസമാണ് (യാക്കൊ. 2:13 നോക്കുക). കർത്താവിന്റെ ഇഷ്ടം ചെയ്യുവാൻ ക്രിസ്ത്യാനിയെ പ്രേരിപ്പിക്കുന്നത് സ്നേഹമാണ് (യോഹ. 14:15; 2 കൊ. 5:14).

വാക്യം 24 ലെ അവസാനത്തെ മൂന്നു വാക്കുകളായ **അക്ഷയം ആയ സ്നേഹത്തെ** നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. "സ്നേഹം" എന്ന വാക്ക് തർജിമക്കാർ കൂട്ടിച്ചേർത്തതാണ്. ഗ്രീക്ക് നാമം *അഫ്താർസിയ* സൂചിപ്പിക്കുന്നത് "അക്ഷയതയാണ്."[1] ആ വാക്ക് അർത്ഥമാക്കുന്നത് "അമർത്യത" എന്നാണ്. റോമർ 2:7–ൽ, നിത്യജീവൻ, നിത്യ തേജസ്, മാനം എന്നിവക്ക് ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട്. 1 കൊരിന്ത്യർ 15:42, 50, 53, 54–ൽ, ഉയർത്തെഴുന്നേറ്റ ശരീരം "ദ്രവിക്കപ്പെടാത്ത" എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു (എൻകെജെവി); 2 തിമൊഥെയൊസ് 1:10–ൽ, സുവിശേഷത്താൽ ക്രിസ്തു

മുഖാന്തരം കൊണ്ടുവരുന്ന "അമർത്യതയെയാണ്" പറയുന്നത്. പൗലൊസ് *അഫ്താർസിയ* "ആർജ്ജവം" എന്ന അർത്ഥത്തിൽ പറഞ്ഞതായ തർജിമ ന്യായീകരിക്കാവുന്നതല്ല (കെജെവിയിലും എൻകെജെവിയിലും അങ്ങനെ കാണുന്നുണ്ട്).

പൗലൊസ് പറഞ്ഞ "അക്ഷയത" എന്ന വാക്ക് ദൈവത്തിന്റെ അമർത്യ തയെ കുറിച്ചോ, അല്ലെങ്കിൽ അത് "കൃപയുടെ" സ്വഭാവത്തെയോ വിവരിക്കു ന്നില്ല. അതുമല്ലെങ്കിൽ വിശ്വസ്തരായ ക്രിസ്ത്യാനികൾക്കു നൽകുമെന്നു പ റഞ്ഞിരിക്കുന്ന നിത്യജീവനെ കുറിച്ചുമല്ല പറയുന്നത്. മറിച്ച്, ആ സ്ഥിരത എന്ന ആശയം "സ്നേഹം" എന്നതിനോടാണ് യോജിക്കുന്നത്, കാരണം "അത് നന്നായി നിർവ്വചിച്ചിരിക്കുന്നത് [ക്രിസ്ത്യാനികളുടെ] സ്നേഹം, അല്ലെങ്കിൽ അവരുടെ സ്നേഹത്തിന്റെ മൂലകം." "ആ സ്നേഹം മാറ്റമോ ... നാശമോ അറിയാത്തതാണ്."[2] "നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ അക്ഷയ മായി സ്നേഹിക്കുന്നവർ," മാറ്റമോ നാശമോ അറിയാത്ത സ്നേഹത്തിലാണ്, അവരായിരിക്കും ദൈവത്തിന്റെ കൃപയുടെ ഉപഭോക്താക്കൾ.

## പ്രായോഗികത

### പാടാത്ത നായകന്മാർ (6:21-24)

എഫെസ്യ ലേഖനത്തിലെ പൗലൊസിന്റെ ആശിർവാദം മറ്റു ലേഖ നങ്ങളിലേതുപോലെ തന്നെയാണ്, അവിടെ സഭയിലെ ചില സഹപ്രവർത്ത കരുടെ പേരുകളും ഉൾപ്പെടുത്തിയിരിക്കുന്നു. ആ ആശിർവാദങ്ങൾ സുവി ശേഷത്തിലെ പാടാത്ത നായകന്മാരെയാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്-അവർ സുവിശേഷം ലോകത്തിൽ എത്തിക്കുവാൻ അംഗീകാരമില്ലാതെ ഫലപ്രദമാ യും, വിശ്വസ്തമായും യത്നിച്ചവരാണ്.

തിരുവെഴുത്തിൽ പേർ പറയാത്ത വിശ്വാസ നായകന്മാർ പലപ്പോഴായി ഉണ്ടായിട്ടുണ്ട്. ആദ്യമായി മനുഷ്യ പ്രയത്നത്താൽ ജാതികളോട് സുവിശേഷം പ്രസംഗിച്ചതായി പ്രവൃത്തികൾ 11:19–26–ൽ പറഞ്ഞിരിക്കുന്നു. ഫിലിപ്പൊസ് മുൻപ് ശമര്യയിൽ ദൈവവചനം അറിയിച്ചിരുന്നു, എന്നാൽ അവർ യെഹൂ ന്മാരുടെ ഭാഗമായിരുന്നു. പത്രൊസ് ജാതിയിൽ പെട്ട കൊർന്നെല്യോസിനോ ോട് സുവിശേഷം പ്രസംഗിച്ചു, പക്ഷെ അതിന് മുൻകയ്യെടുത്തത് ദൈവം ആയിരുന്നു. പ്രവൃത്തികൾ 11–ൽ, സഭയുടെ ശൈശവ കാലയളവിൽ വളരെ പ്രധാനപ്പെട്ട ഒരു സംഭവം നടക്കുകയുണ്ടായി. സുവിശേഷം അന്ത്യോക്യ യിലെ ജാതികളുടെ അടുക്കൽ എത്തി; അവിടെ ആരംഭിച്ച സഭയിൽനിന്നു പൗലൊസ് മൂന്നു വലിയ മിഷ്ണറി യാത്രകൾ നടത്തുകയും സുവിശേഷം റോമാ ലോകം മുഴുവൻ എത്തിക്കുകയും ചെയ്തു. എങ്ങനെയായാലും, പ്ര വർത്തനം ആരംഭിച്ചവരുടെ പേരുകൾ ഒന്നും പറഞ്ഞിട്ടില്ല.

ക്രിസ്തുവിലുള്ള അനേകം സഹോദരിമാരും സഹോദരന്മാരും പ ൗലൊസിനെ സഹായിച്ചിരുന്നു-എഫെസ്യരും, ഫിലിപ്പിയരും, ഫിലെമോനു ം-കൂടാതെ സഹപ്രവർത്തകരായി ഡസൻ കണക്കിന് പേർ അവനോടൊപ്പം ക്രിസ്തുവിന്റെ നാമം നിമിത്തം ചേർന്നു ശുശ്രൂഷിച്ചിരുന്നു. അവരെ കുറിച്ച് വളരെ കുറച്ചു മാത്രമെ നമ്മോട് പറയുന്നുള്ളു, എന്നാൽ കർത്താവിനു വേണ്ടിയുള്ള പൗലൊസിന്റെ പ്രവർത്തനങ്ങളിൽ അവർ പങ്കുകാരായിരുന്നു.

സഭയെ ക്രിസ്തുവിന്റെ "ശരീരമായി" ചിത്രീകരിച്ചിരിക്കുന്നത് (റോമർ 12;

1 കൊ. 12) കാണിക്കുന്നത് സഭയിലെ എല്ലാ അംഗങ്ങളും പ്രമുഖരല്ല എന്നാണ്. ക്രിസ്ത്യാനികൾ, ഓരോരുത്തനും താന്താന്റെ പങ്ക് നിർവ്വഹിക്കുമ്പോഴാണ് സഭ ശരിയായി പ്രവർത്തിക്കുന്നതെന്ന് സഭയിലെ അംഗങ്ങൾ തിരിച്ചറിയണം (4:16). എല്ലാവരും ഓർമ്മിക്കത്തക്കവണ്ണം നമ്മുടെ എല്ലാവരുടേയും പേരുകൾ തലക്കെട്ടിൽ കാണുകയില്ല, എന്നാൽ നമ്മുടെ എല്ലാം പേരുകൾ ജീവപുസ്തകത്തിൽ എഴുതുകയും, ദൈവം നമ്മെ ഓർമ്മിക്കുകയും ചെയ്യും. എല്ലാ തിഹിക്കോസുമാർക്കും-പൗലൊസിനെ പിന്താങ്ങിയവർക്കും ആയി നമുക്ക് നന്ദിയുള്ളവരായിരിക്കാം. നാം മുൻനിരയിലായാലും, നിഴലിലായാലും, നാം ഒരുമിച്ചു പ്രവർത്തിക്കുമ്പോൾ, അവന്റെ രാജ്യത്തിന്റെ പ്രവൃത്തി നാം ചെയ്യുന്നതിനാൽ,ദൈവം നമ്മെ അനുഗ്രഹിക്കും.

ജേയ് ലോക്ഹാർട്ട്

---

കുറിപ്പുകൾ

[1]ആൻഡ്ര്യു ടി. ലിങ്കൺ, *എഫേഷ്യൻസ്,* വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 42 (ഡള്ളാസ്: വേർഡ് ബുക്സ്, 1990), 467; കൂടാതെ ബാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ, 3ഡ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 155.* [2]*എസ്. ഡി. എഫ്. സാൽമണ്ട്, "ദ എപ്പിസ്റ്റിൽ ടു ദ എഫെഷ്യൻസ്," ഇൻ ദ എക്സ്പോസിറ്റേഴ്സ് ഗ്രീക്ക് ടെസ്റ്റമെന്റ്, എഡി. ഡബ്ലിയു. റോബർട്ട്സൺ നിക്കോൾ* (ഗ്രന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1967), 3:395-96; സാൽമണ്ട് ആന്റ് ചാൾസ് ജോൺ എല്ലികോട്, *സെന്റ്. പോൾ'സ് എപ്പിസ്റ്റിൽ ടു ദ എഫെഷ്യൻസ്: വിത്ത് ഏ ക്രിട്ടിക്കൽ ആന്റ് ഗ്രമാറ്റിക്കൽ കമെന്ററി, ആന്റ് ഏ റിവൈസ്ഡ് ട്രാൻസ്ലേഷൻ,* 5ത് എഡി. (ലണ്ടൻ: ലോങ്മാൻസ്, ഗ്രീൻ & കമ്പനി., 1884), 159.